**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 15** **22-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാം ഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്ഥലം ഏറ്റെടുക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്ന് പണം അനുവദിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള ലറ്റർ ഓഫ് ക്രെഡിറ്റിന്മേൽ ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | മലപ്പുറം ജില്ലയിലെ നിലമ്പൂർ ബൈപ്പാസിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുന്നതിനായി സ്ഥലം ഏറ്റെട്ടു ക്കുന്നതിനായി 29/10/2018 തീയതിയിലെ G.O(Rt) No.8878/ 2018/Fin പ്രകാരം 10 കോടി രൂപയുടെയും 31/10/2019 തീയതിയിലെ G.O(Rt)No.8564 /2019/Fin പ്രകാരം 10 കോടി രൂപയുടെയും (ആകെ 20 കോടി രൂപ) ലെറ്റർ ഓഫ് ക്രെഡിറ്റ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | നിലമ്പൂർ ബൈപ്പാസ് നിർമ്മാണവുമായി ബന്ധപ്പെട്ട് 21.01.2021ലെ പുതുക്കിയ സമഗ്ര ഭരണാനുമതി ഉത്തരവ് സ.ഉ(സാധാ) 90/2021/ പൊ.മ.വ. പ്രകാരം പ്രസരണ ലൈനുകൾ മാറ്റി സ്ഥാപിക്കുന്നതിനായി ധനകാര്യവകുപ്പ് കെ.എസ്.ഇ.ബി. ക്ക് എത്ര തുകയാണ് നൽകേണ്ടതെന്ന് അറിയിക്കാമോ; ഇതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | (ബി) | വിവരം ശേഖരിച്ചു വരുന്നു |
| (സി) | ഘട്ടം ഘട്ടമായി തുക അനുവദിക്കുന്നതുമൂലം ബൈപ്പാസ് നിർമ്മാണ പ്രവൃത്തികൾ അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലമ്പൂർ ബൈപ്പാസ് നിർമ്മാണത്തിന്റെ ഒന്നാം ഘട്ടം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി ശേഷിക്കുന്ന 33.365 കോടി രൂപയും ഒന്നിച്ച് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;? | (സി) | വിവരം ശേഖരിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ